കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18 സാമ്പത്തിക വർഷം

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി12/317/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തീയതി : 14.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്

സർ,

<u>വിഷയം :</u>
വെള്ളിനേഴി ഗ്രാമപഞ്ചായത്ത് - 2017 – 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി12/317/2019 തീയതി : 14.03.2019

## പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-6-2017 മുതൽ 21-2-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-2-2019 മുതൽ 6-3-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.വി. അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ. കെ.ജി.റോബർട്ട് (25.2.2019 മുതൽ) | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാമകൃഷ്ണൻ. കെ.പി (23.2.2019 മുതൽ) | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രമാദേവി.കെ.ആർ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ. വിജയൻ.പി | ഓഡിറ്റർ (മനുഷ്യദിനം കണക്കാക്കിയിട്ടില്ല) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.ശ്രീധരൻ | 1-4-2017മുതൽ 31-3-2018വരെ |
| സെക്രട്ടറി | ശ്രീ. സി.കെ. ഹരിദാസൻ | 1-4-2017മുതൽ 31-3-2018വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ജീഷ്മ ഷാജി | 1-04-2017മുതൽ 28-7-2017 വരെ |
| | ശ്രീ.അനൂപ് വിജയൻ | 29-7-2017മുതൽ 6-9-2017 വരെ |
| | ശ്രീ.വാസുദേവൻ | 7-9-2017മുതൽ 3-10-2017 വരെ |
| | ശ്രീ. ഷിബു എ ആർ | 4-10-2017മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി. അംബിക പി | 1-4-2017മുതൽ 25.09.17 വരെ<br>14.12-2017മുതൽ 31-3-2018 വരെ |
| | ശ്രീമതി. പ്രഭ കെ | 26.09-2017മുതൽ 13.12.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുന്ദരി.സി | 1-4-2017മുതൽ 31-10-2017 വരെ |
| | ശ്രീമതി. നസീമ.എം | 1-11-17 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. റോയ്. എം.കെ | 1-4-17 മുതൽ 21-6-2017 വരെ |
| | ശ്രീ.രാജേഷ്.പി.വി | 22-6-2017 മുതൽ 29-6-2017 വരെ |
| | ശ്രീമതി.ചാന്ദ്നി എസ്. വിജയൻ | 30-6-2017 മുതൽ 7-09-2017 വരെ |
| | ശ്രീ.രാജേഷ്.പി.വി | 8-09-2017 മുതൽ 03-10-2017 വരെ |
| | ശ്രീ.കർണൻ.എം.ആർ | 4-10-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.ഷെറി മാത്തിപറമ്പിൽ | 1-4-2017 മുതൽ 26-12-2017 വരെ |
| | ഡോ.ദീപു ശശിധരൻ | 27-12-2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. അസ്മാബി | 1-4-2017 മുതൽ 19-07-2017 വരെ |
| | ഡോ. മോഹനൻ | 20-7-2017 മുതൽ 31-10-2017 വരെ |
| | ഡോ. നെഹ്ല.പി.എം | 31-10-2017 മുതൽ 3-1-2018 വരെ |
| | ഡോ.ഷമീർബാബു.കെ.എം | 3-1-2018 മുതൽ 23-1-2018 വരെ |
| | ഡോ.കൃഷ്ണകുമാർ | 24-1-2018 മുതൽ 31-3-2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ: കുരിയച്ചൻ.ഒ | 1-4-2017 മുതൽ മുതൽ 31-3-18 |
| എച്ച്.എം, ജി.എൽ.പി.എസ്, വെള്ളിനേഴി | ശ്രീ.വി .രാമൻകുട്ടി | 1-4-2017 മുതൽ മുതൽ 31-3-18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനീഷ് നാരായണൻ | 1-4-2017 മുതൽ 31-3-2018 വരെ |

## ഉള്ളടക്കം

## ഭാഗം 1


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

ഭാഗം-II

| | | |
|---|---|---|
| 12 | 2-1 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. |
| 13 | 2-2 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്. |
| 14 | 2-3 | വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് |
| 15 | 2-4 | ബജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് |
| 16 | 2-5 | തനത് ഫണ്ടിന് ഒരു ബാങ്ക് അക്കൗണ്ട് മാത്രം |

ഭാഗം-III

| | | |
|---|---|---|
| 17 | 3-1 | സേവന നികുതി ഒടുക്കിയതിന്റെ രശീതി ഹാജരാക്കാതെ തുക അനുവദിച്ചു |
| 18 | 3-2 | കരാറുകാരിൽ നിന്നും ഈടാക്കിയ സേവന നികുതി , സേവനനികുതി ഓഫീസിൽ ഒടുക്കിയിട്ടില്ല |
| 19 | 3-3 | പഴയ മോട്ടോർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് |
| 20 | 3-4 | കൺവീനർ പ്രവൃത്തികളിൽ സിമന്റ്, കമ്പി മുതലായവ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. പണമിടപാടുകൾ അക്കൗണ്ടിലൂടെയല്ല നിർവ്വഹിച്ചിട്ടുള്ളത് |
| 21 | 3-5 | കെട്ടിടം നവീകരണത്തിൽ പൊളിച്ചു മാറ്റിയ ഉരുപ്പടികൾ പഞ്ചായത്തിൽ ഏല്പിച്ചിട്ടില്ല |
| 22 | 3-6 | പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് സംബന്ധിച്ച്. |
| 23 | 3-7 | മഴക്കാല പൂർവ്വ ശുചീകരണം സംബന്ധിച്ച്. |
| 24 | 3-8 | കുളക്കാടൻ മല, മുതലമൂർക്കൻകടവ് ബോട്ടിംഗ് സാദ്ധ്യതാ പഠനം |
| 25 | 3-9 | ഒരേ ഉദ്ദേശത്തിനായി ആരംഭിച്ച രണ്ട് അക്കൗണ്ടുകളിൽ ഒന്ന് നിർത്തലാക്കേണ്ടതാണ് |
| 26 | 3-10 | ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 27 | 3-11 | പ്രൊക്യൂർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |
| 28 | 3-12 | ഓഡിറ്റ് ഇംപാക്ട്- ഇരുചക്ര വാഹനങ്ങൾക്ക് വാഹന വാടക നൽകിയത് - തിരിച്ചടവാക്കി |
| 29 | 3-13 | ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയതിൽ നിന്ന് വ്യതിചലിച്ച് പ്രൊജക്ട് നടപ്പിലാക്കി |
| 30 | 3-14 | ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 31 | 3-15 | അംഗൻവാടികളിലേക്ക് ഫർണീച്ചറും ചെയറും വാങ്ങൽ-KADCO നിർമ്മിക്കാത്ത ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ KADCOയിൽനിന്ന് |

| | | |
|---|---|---|
| | | നേരിട്ട് വാങ്ങിയത്. |
| 32 | 3-16 | നഴ്സറി നിർമ്മാണം - തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല |
| 33 | 3-17 | തെരുവു വിളക്ക് വാങ്ങി സ്ഥാപിക്കൽ |
| 34 | 3-18 | വാഹനം രേഖകൾ സൂക്ഷിക്കണം. |
| 35 | 3-19 | തെരുവ് വിളക്കുകൾ-കൂട്ടായ വിളക്കുവയ്ക്കൽ സമ്പ്രദായം അവലംബിക്കാവുന്നതാണ്. |
| 36 | 3-20 | വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് മാതൃകാ പദ്ധതികൾ ഏറ്റെടുത്തത് അഭിനന്ദനാർഹം |

<u>ഭാഗം-IV</u>

<u>ഓഡിറ്റ് പ്രത്യവലോകനം</u>

| | | |
|---|---|---|
| 37 | 4-1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 40 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 41 | 4-5 | സ്ഥിര നിക്ഷേപം |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 44 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 45 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 46 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 47 | അനുബന്ധം-2 | വിവിധ പത്രികകൾ |

# <u>ഭാഗം -1</u>

# <u>പൊതു അവലോകനം</u>

# 1-1 ബജറ്റ്

20.03.17 തീയതിയിലെ 1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 109226309 രൂപയും ചെലവ് 103718000 രൂപയും ആണ്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.18 | 18.05.2018 |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 2.7.18 മുതൽ 3.7.18 വരെ | കെ.എസ്.എ-പികെഡി21/1904(74)/18 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7654367 |
| വരവ് | 62480820 |
| ആകെ | 70135187 |
| ചെലവ് | 62637917 |
| നീക്കിയിരിപ്പ് | 7497270 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) ACR പ്രകാരം | 0 | 8914000 | 8914000 | 8169714 | 744286 |
| വികസന ഫണ്ട് (എസ്.സി.പി ) ACR പ്രകാരം | 0 | 6129255 | 6129255 | 6096492 | 32763 |
| വികസന ഫണ്ട് (ടി.എസ്.പി) ACRപ്രകാരം | 0 | 173930 | 173930 | 0 | 173930 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ACRപ്രകാരം | 0 | 8206754 | 8206754 | 4717362 | 3489392 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) ACRപ്രകാരം | | 0 | 9978000 | 9978000 | 9207741 | 770259 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) ACRപ്രകാരം | | 0 | 2591000 | 2591000 | 2566277 | 24723 |
| കെ.എൽ.എസ്.ജി.ഡി.പി ACRപ്രകാരം | | 0 | 17570805 | 17570805 | 16909885 | 660920 |
| എം.എൻ.ആർ.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 10593594 | 10593594 | 10593594 | 0 |
| | അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 10302 | 944791 | 955093 | 952880 | 2213 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ഐ.സി.ഡി.എസ് | 559340 | 401357 | 960697 | 475457 | 485240 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് വിഹിതം | 0 | 782500 | 782500 | 782500 | 0 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 500000 | 100000 | 600000 | 141573 | 458427 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 6099000 | 6099000 | 6099000 | 0 |
| തൊഴിലില്ലായ്മ വേതനം | | 0 | 41280 | 41280 | 41280 | 0 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | | 0 | 420000 | 420000 | 420000 | 0 |
| തനത് ഫണ്ട് | ബാങ്ക് (കാനറാ) | 1617644 | 4031991 | 5649635 | 5281437 | 368198 |
| | ട്രഷറി | 5764458 | 8007102 | 13771560 | 6918316 | 6853244 |
| VAPCOS (തനത് ഫണ്ട്) | | 42420 | 0 | 42420 | 8317 | 34103 |
| എം.എൻ ലക്ഷം വീട് | | 207892 | 8316 | 216208 | 0 | 216208 |
| ദുരിതാശ്വാസനിധി | | 100 | 20384 | 20484 | 12000 | 8484 |
| കാനറാ ബാങ്ക് (നോൺ ബാങ്കിങ് ട്രഷറി A/c) | | 1305 | 1457 | 2762 | 0 | 2762 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 200 | 63384318 | 164 | 49425872 | 6 | 36 | 82 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 3357575 | 2360650 | 70 |
| വി.ഇ.ഒ | 20 | 17 | 4950698 | 3318821 | 67 |
| ഐ.സി. ഡി.എസ് സൂപ്പർ വൈസർ | 8 | 8 | 2983627 | 2651908 | 89 |
| സെക്രട്ടറി | 28 | 24 | 13876372 | 13278471 | 96 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 116 | 89 | 32239503 | 23280507 | 72 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 6 | 789293 | 692335 | 88 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 447000 | 446930 | 99.9 |
| വെറ്ററിനറി സർജ്ജൻ | 7 | 6 | 2875000 | 1561000 | 54 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 875000 | 875000 | 100 |
| എച്ച്.എം | 7 | 6 | 990250 | 960250 | 97 |
| ആകെ | 200 | 164 | 63384318 | 49425872 | 77.97 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10593594 | 10593594 | 10593594 | 0 |
| ഭരണ ചെലവുകൾ | 10302 | 944791 | 955093 | 952880 | 2213 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41280 | 72 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5511800 | 1870 |
| വിധവാപെൻഷൻ | 7907800 | 2569 |
| വാർദ്ധക്യകാലപെൻഷൻ | 17039500 | 4731 |
| വികലാംഗപെൻഷൻ | 2468600 | 766 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 6 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.2.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23546രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകൾക്ക് സമയബന്ധിതമായി നടപടികളും സ്വീകരിച്ചിട്ടുണ്ട്. പിരിച്ചെടുക്കാനുള്ള നികുതി മുഴുവനായും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. രേഖകളുടെ സൂക്ഷിപ്പിലും കൈകാര്യം ചെയ്യുന്നതിലും അതീവ ജാഗ്രത പുലർത്തിയിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.1.19-19.1.19 | ഡിസംബർ 2019 | 19.1.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.5.11-2.6.11 | 2006-07 മുതൽ 2010-11 വരെ | 7.7.2011 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

അക്കൗണ്ട്സ് സർട്ടിഫിക്കേഷനിൽ സൂചിപ്പിച്ചതും നിലവിൽ പരിഹരിക്കാത്തതുമായ അപാകതകൾ ഇല്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതും, അനുബന്ധ രജിസ്റ്ററുകൾ കൃത്യമാക്കേണ്ടതുമാണ്

2017-18 സാമ്പത്തിക വർഷത്തെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി അടവാക്കാതെ കുടിശ്ശികയുണ്ടായിരുന്നത് ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് അടവാക്കി(എൻക്വയറി 11/27.2.19) . വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് / കാലയളവ് | ഈടാക്കേണ്ട തുക(രൂപ) | കുടിശ്ശിക ഈടാക്കിയത് (രൂപ) | (രൂപ) |
|---|---|---|---|---|
| 1 | കനറാബാങ്ക് വെള്ളിനേഴി ബ്രാഞ്ച് (1&2 അർദ്ധവർഷം) | 2500/- | 118040105384/ 2.3.2019 | 2500/- |
| 2 | വെള്ളിനേഴി അഗ്രികൾച്ചറ ൽ ഇമ്പ്രൂവ്മെന്റ് ക്രെഡിറ്റ് സൊസൈറ്റി (1&2 അർദ്ധവർഷം) | 2500/- | 118040105393/ 5.3.19 | 2500/- |
| 3 | വെള്ളിനേഴി പഞ്ചായത്ത് മൾട്ടി പർപ്പസ് കൊ-ഓപറേറ്റിവ് സൊസൈറ്റി (1&2 അർദ്ധവർഷം) | 2500/- | 118040105393/ 2.3.19 | 2500/- |
| 4 | തിരുവാഴിയോട് പട്ടികജാതി കോ-ഓപ്പറേറ്റിവ് സൊസൈറ്റി (1&2 അർദ്ധവർഷം) | 1250/- | 1half- 118040105379/ 2.3.19 | 1250/- |
| 5 | തിരുനാരായണ പുരം വനിതാ കോ-ഓപ്പറേറ്റിവ് ക്രെഡിറ്റ് സൊസൈറ്റി | 1250 | 118040105398/ 5.3.19 | 1250 |

| | | | | |
|---|---|---|---|---|
| | (രണ്ടാം അർദ്ധവർഷം) | | | |

2. രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടുള്ളത്. കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും തൊഴിൽ നികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിനായിട്ടില്ല. ആയതിനാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, ചട്ടം 5 മാതൃകയിൽ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3. 2017-18 ൽ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 17-18 ലെ എഗ്രിമെന്റ് രജിസ്റ്റർ അനുസരിച്ച് പഞ്ചായത്തിലെ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ പേര്

1. വേണുഗോപാലൻ .കെ.കെ
2. സാജു.ഒ.
3. രാധാകൃഷ്ണൻ
4. മുരളീകൃഷ്ണൻ
5. എം.എം.ജോൺ
6. കെ.ടി.ഗോവിന്ദൻകുട്ടി
7. സജീഷ് .വി
8. പ്രദീപൻ. പി
9. എം.സതീശൻ
10. ഇ.കെ. അബ്ദുൾ കലാം
11. വി.ശശികുമാർ
12. ഇസ്മയിൽ. ഒ
13. അരവിന്ദൻ

4. പഞ്ചായത്തിൽ റേഷൻ കടകൾ, പാൽ സൊസൈറ്റികൾ, ഓഡിറ്റോറിയങ്ങൾ എന്നിവയുടെയും അവയിലെ ജീവനക്കാരുടെയും വിവരങ്ങളും ഇവയുടെ സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.ഇവരിൽ നിന്നും തൊഴിൽ

നികുതി റിട്ടേൺസ് ആവശ്യപ്പെട്ട് ആയതനുസരിച്ചുള്ള നികുതി ഈടാക്കാനുള്ള നടപടിയെടുക്കേണ്ടതാണ്. ഇതേക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് മറുപടിയിൽ മേൽ സൂചിപ്പിച്ചവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

3) 2017-18 വർഷത്തേക്കുള്ള ഡി.& ഓ ലൈസൻസിനുള്ള അപേക്ഷകളിലെ വിവരങ്ങൾ അനുസരിച്ച് ഒന്നിലധികം ജോലിക്കാരുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്ഥാപനഉടമകളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിക്കാൻ ആവശ്യപ്പെട്ട്, ജീവനക്കാരുടെ തൊഴിൽ നികുതി കൂടി ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ | സ്ഥാപന ഉടമ | ജോലിക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | പൂന്തോട്ടം മന, ആയുർവേദ മരുന്ന് നിർമാണം, 9/462 A | ഡോ.പി.എം.എസ്.രവീന്ദ്രനാഥ് | പതിനഞ്ച് | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | പൂന്തോട്ടം ആയുർവേദാശ്രമം, 9/463-468 | പി.എം.എസ് . രവീന്ദ്രനാഥ് | 34 | 23 പേരിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് |
| 3 | ന്യൂ ഗ്യാലക്സി മെറ്റൽ, അടയ്ക്കാപുത്തൂർ 11/151 A | എം.കെ . സലിം | അഞ്ച് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് |
| 4 | സതേൺ ആഗ്രോ ഫീഡ്സ്, കുറ്റാനശ്ശേരി 3/360 B,C | ഷീജ.കെ | ആറ് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി |

| | | | | |
|---|---|---|---|---|
| | | | | ഈടാക്കി യിട്ടുണ്ട് |
| 5 | ക്രഷ്ഡ് മെറ്റൽ പ്രോഡക്റ്റ്സ് | എം.കെ.പത്മനാഭൻ നായർ | ഒൻപത് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കി യിട്ടുണ്ട് |
| 6 | കരിങ്കൽ ഖനനം | എം.കെ.പത്മനാഭൻ നായർ | പതിനഞ്ച് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കി യിട്ടുണ്ട് |

ഡി.& ഓ ലൈസൻസിനുള്ള അപേക്ഷകളിലെ വിവരങ്ങളും തൊഴിൽ നികുതി റിട്ടേണുകളും പരിശോധിച്ച് ഈയിനത്തിലുള്ള വരവ് ഉറപ്പാക്കേണ്ടതാണ്.(എൻക്വയറി 23/5.3.19) ഓഡിറ്റ് നിർദേശ പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്.

# 2-2 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 14,15,16 എന്നിവ പ്രകാരം (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ, 2017 -ന് അനുസൃതം) കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷയിന്മേൽ 15 ദിവസത്തിനകം തീർപ്പുകൽപ്പിക്കാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്. 2017-18ൽ ഗ്രാമപഞ്ചായത്ത് പെർമിറ്റുകൾ അനുവദിച്ചിട്ടുള്ളതിൽ ചിലതിൽ സമയപരിധി പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെർമിറ്റ് അപേക്ഷാ തിയതി | അപേക്ഷകന്റെ പേര് | പെർമിറ്റ് അനുവദിച്ച തിയതി |
|---|---|---|---|
| 1 | 21.4.17 | പ്രസന്ന കുമാരി, ആലിൻങ്കൽ | 16.6.17 |
| 2 | 6.5.17 | മാധവൻ, തെക്കേതിൽ, തിരുവാഴിയോട് | 22.8.17 |
| 3 | 15.5.17 | രാധാകൃഷ്ണൻ,മേച്ചേരി | 5.7.17 |
| 4 | 11.5.17 | മുകേഷ് കുമാർ , പൊന്നാലൂർ മന | 10.7.17 |

| | | | |
|---|---|---|---|
| 5 | 20.5.17 | ശശികുമാർ | 17.7.17 |
| 6 | 29.5.17 | പ്രേമകുമാരി | 17.8.17 |
| 7 | 16.6.17 | രാമകൃഷ്ണൻ | 31.8.2017(noc) |
| 8 | 15.7..17 | രാമചന്ദ്രൻ | 7.9.17 |
| 9 | 29.7.17 | രാമകൃഷ്ണൻ | 31.10.17(noc) |
| 10 | 4.8.17 | ശെൽവി | 29.11.17(noc) |

പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്. (എൻക്വയറി 23/5.3.19) സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങളും, പെർമിറ്റിന്മേൽ പരിശോധന നടത്തുവാനുള്ള ജീവനക്കാരുടെ അപര്യാപ്തതയും മൂലമാണ് സമയപരിധി പാലിക്കാൻ പറ്റാതിരുന്നത് എന്നും നിലവിൽ സമയപരിധി പാലിച്ചാണ് പെർമിറ്റ് അനുവദിക്കുന്നത് എന്നും മറുപടി നല്കിയിട്ടുണ്ട്.

# 2-3 വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തുനികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തുനികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തുനികുതിയുടെ 4% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തുനികുതിയുടെ 1% ൽ കുറയാത്ത തുക.

സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. (എൻക്വയറി 7/27.2.19)

# 2-4 ബജറ്റ് നടപടിക്രമങ്ങൾ

## പാലിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214,സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനുവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.

3. പഞ്ചായത്ത് കൗൺസിൽ ആവശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 ന മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

ബജറ്റിലെ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച ചേർക്കുകയോ,സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചതിന്റെയും, ബജറ്റിന്റെ നിർദേശങ്ങൾ ക്ഷണിച്ചതിന്റെയും നിർദേശങ്ങൾ അനുസരിച്ച് ബജറ്റിൽ തുക ഉൾപ്പെടുത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.(എൻക്വയറി 21/5.3.19) .
ബജറ്റ് തയ്യാറാക്കുന്നതിൽ സർക്കാർ നിർദേശിച്ച നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിച്ചാണ് ബജറ്റിൽ തുകകൾ വകയിരുത്തിയത് എന്നും ഇത് സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല എന്നും ഈ അപാകത പരിഹരിക്കുന്നതാണ് എന്നും മറുപടി നല്കിയിട്ടുണ്ട്.

# 2-5 തനത് ഫണ്ടിന് ഒരു ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതാണ്

സർക്കുലർ നമ്പർ 58725/ എഫ് .എം3 2008/ ത.സ്വ. ഭ.വ /26.5.11,അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദേശമുണ്ട്. 2017-18 ബാലൻസ് ഷീറ്റ് അനുസരിച്ച് തുകകൾ ബാലൻസുള്ള അക്കൗണ്ടുകൾ താഴെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 31.3.18 ലെ നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| 1536101109773 | കാനറാ ബാങ്ക് (തനത് ഫണ്ട്) | 368198 |
| 231 | VAPCOS (തനത് ഫണ്ട്) | 34103 |
| | VAPCOS (എം.എൻ.ലക്ഷം വീട്) | 216208 |
| 1536101101088 | കാനറാ ബാങ്ക് (നോൺ ബാങ്കിങ്ങ് ട്രഷറി അക്കൗണ്ട്) | 2762 |

അത്യാവശ്യമായ അക്കൗണ്ടുകൾ മാത്രം നിലനിർത്തി മറ്റ് നിഷ്ക്രിയമായ അക്കൗണ്ടുകൾ ക്ളോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇവ കൂടാതെ അസി.എഞ്ചിനീയറുടെ പേരിൽ SBI A/c 37343180761 എന്ന നമ്പരിലും കനറാ ബാങ്കിന്റെ 1536101103382 നമ്പരിലുമായി രണ്ട് അക്കൗണ്ടുകൾ നിലവിലുണ്ട്. ഇതിൽ കനറാ ബാങ്കിന്റെ 1536101103382 നമ്പരിലുള്ള അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ബാലൻസ് തുക 69802 രൂപ പഞ്ചായത്തിലേക്ക് അടവാക്കേണ്ടതാണ്. (എൻക്വയറി 19/1.3.19). ഈ വിഷയത്തിന്മേൽ നല്കിയ എൻക്വയറിയ്ക്ക് മറുപടിയായി അക്കൗണ്ടുകൾ ക്ളോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവന നികുതി ഒടുക്കിയതിന്റെ രശീതി ഹാജരാക്കാതെ തുക അനുവദിച്ചു

2016-17 ലെ സ്പിൽ ഓവറായ താഴെ പറയുന്ന പ്രവൃത്തികളുടെ പ്രവൃത്തിമൂല്യത്തോടൊപ്പം 10.5% സേവന നികുതി കൂടി ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരൻ സേവന നികുതി ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | പ്രവൃത്തി മൂല്യം | സേവന നികുതി | ആകെ | ബിൽ നം. |
|---|---|---|---|---|---|
| 1 | വെള്ളിനേഴി ജി.എൽ.പി.എസ് കെട്ടിടം നവീകരണം<br>പ്രൊ.നം. 139/17<br>അടങ്കൽ: 495000<br>ചെലവ് : 481510<br>MB നം.: 521/16-17<br>കരാറുകാരൻ: ജോൺ.എം.എം | 435756 | 45754 | 481510 | 33/17-18/<br>26.12,2017 |
| 2 | തിരുവാഴിയോട് | 2714493 | 28507 | 300000 | 4/17-18/ |

| | | | | | |
|---|---|---|---|---|---|
| | ജി.എൽ.പി.എസ് കെട്ടിടം നവീകരണം<br>പ്രൊ.നം. 138/17<br>അടങ്കൽ: 300000<br>ചെലവ് : 300000<br>MB നം.: 257/16-17<br>കരാറുകാരൻ: വേണുഗോപാലൻ.കെ.കെ | | | | 23.8.2017 |
| 3 | കുളക്കാട് ശിശു സൗഹൃദ അങ്കണവാടി<br>പ്രൊ.നം. 130/17<br>അടങ്കൽ: 1500000<br>ചെലവ് : 1355262<br>MB നം.: 751/15<br>കരാറുകാരൻ: ഇസ്മയിൽ.ഒ.കെ | 1278549 | 76713 | 1355262 | 20/17-18/<br>20.10.2017<br>1133155.00<br>38/17-18/<br>28.12.2017<br>222107 |
| | ആകെ | | 150974 | | |

സേവന നികുതി ഒടുക്കിയ രേഖകൾ ഹാജരാക്കാതെ തന്നെ അവ കൂടി ഉൾപ്പെടുത്തിയ തുകകളാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ സേവന നികുതി ഇനത്തിൽ അനുവദിച്ച 150974 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.രേഖകൾ ലഭ്യമാക്കുന്നതുവരെ മേൽ തുക 150974/- രൂപ തടസ്സപ്പെടുത്തുന്നു, ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/27.02.2019) ഇവ പരിശോധിച്ച് രേഖകൾ ലഭ്യമാകാത്തപക്ഷം തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-2 കരാറുകാരിൽ നിന്നും ഈടാക്കിയ സേവനനികുതി, സേവനനികുതി ഓഫീസിൽ ഒടുക്കിയിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവധ കെട്ടിട നിർമ്മാണ പ്രവൃത്തികൾ, അറ്റകുറ്റ പണികൾ എന്നിവ ഏറ്റെടുത്ത കരാറുകാരിൽ നിന്നും നിയാനുസൃതമായ സേവന നികുതി ഈടാക്കി പഞ്ചായത്തുഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും സേവന നികുതി ഓഫിസിൽ ഒടുക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ വിശദാംശങ്ങൾ | പ്രവൃത്തി മൂല്യം | സേവന നികുതി | പഞ്ചായത്ത് |
|---|---|---|---|---|

| നം. | | | | രശീതി |
|---|---|---|---|---|
| 1 | കുറവട്ടൂർ അങ്കണവാടി നവീകരണം<br><br>പ്രൊ.നം. 106/17<br><br>അടങ്കൽ: 200000<br><br>ചെലവ് : 197242<br><br>MB നം.: 544/17<br><br>കരാറുകാരൻ: രാധാകൃഷ്ണൻ | 186077.70 | 11165 | 117040105199/<br><br>17.10.2017 |
| 2 | തിരുവാഴിയോട് അങ്കണവാടി നിർമ്മാണം<br><br>പ്രൊ.നം. 124/17<br><br>അടങ്കൽ: 600000<br><br>ചെലവ് : 516814<br><br>MB നം.: 548/17, 542/17<br><br>കരാറുകാരൻ: ശശിധരൻ മൂപ്പത്ത് | 487561 | 29254 | 117040102866/<br><br>17.10.2017 |
| 3 | വെള്ളിനേഴി പി.എച്ച്.സി. ഓഫീസ് അറ്റകുറ്റപണി.<br><br>പ്രൊ.നം. 100/17<br><br>അടങ്കൽ: 250000<br><br>ചെലവ് : 249027<br><br>MB നം.: 521/16-17<br><br>കരാറുകാരൻ: സജീഷ്.പി | 225364 | 23663 | 117040105200/<br><br>14.2.2018 |
| 4 | അടയ്ക്കാപുത്തൂർ പി.എച്ച്.സി. ഓഫീസ് അറ്റകുറ്റപണി.<br><br>പ്രൊ.നം. 101/17<br><br>അടങ്കൽ: 250000<br><br>ചെലവ് : 250000<br><br>MB നം.: 886/14-15 | 226240 | 23760 | 117040103385/<br><br>27.11.2017 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ: ശശികുമാർ | | | |
| | ആകെ | | 87842 | |

പഞ്ചായത്തു ഫണ്ടിൽ അവശേഷിക്കുന്ന സേവന നികുതി തുക സർക്കാറിലേക്ക് ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/28.02.2019) തുക സർക്കാറിലേക്ക് ഉടൻ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-3 പഴയ മോട്ടോർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്തു പരിധിയിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് മോട്ടോറുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരം നിലവിലും മുൻവർഷങ്ങളിലുമായി നീക്കം ചെയ്യപ്പെട്ട മോട്ടോറുകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും അവ പ്രവർത്തനക്ഷമമാക്കി മറ്റു പദ്ധതികൾക്കായി ഉപയോഗിക്കുകയോ അല്ലാത്തപക്ഷം ലേലം ചെയ്ത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/28.02.2019) ഇവ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തപക്ഷം ലേലം ചെയ്ത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

# 3-4 കൺവീനർ പ്രവൃത്തികളിൽ സിമന്റ്, കമ്പി മുതലായവ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. പണമിടപാടുകൾ അക്കൗണ്ടിലൂടെയല്ല നിർവ്വഹിച്ചിട്ടുള്ളത്

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്തു പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ പാലിക്കേണ്ട നിർദ്ദേശങ്ങൾ 1/1559/2010/സി.ഇ/തീ. 13.11.2014 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതു പ്രകാരം കൺവീനറുടെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിലൂടെ മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളൂ. എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ കൺവീനർ പ്രവൃത്തിയിൽ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത

ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതിന്റെയും പണമിടപാടുകൾ അക്കൗണ്ടിലൂടെ നടത്തിയിട്ടുള്ളതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

ബിറ്റുമിൻ, സിമന്റ്, സ്റ്റീൽ എന്നിവയ്ക്ക് TIN നമ്പറോടുകൂടിയ ബിൽ ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് സിമന്റ്, സ്റ്റീൽ എന്നിവയ്ക്ക് ബിൽ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.ശ്രീകൃഷ്ണപുരംകുന്ന് അങ്കണവാടി ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും

പ്രൊജക്റ്റ് നം. : 25/17

അടങ്കൽ : 200000

ചെലവ് :200000

ബിൽ നം. : 1/17-18/ 23.8.2017

കൺവീനർ : റീന. റ്റി

എം.ബുക്ക് നം. : 537/17, 523/16-17

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| 3. 1:6 RR മേസൻ റി | 8.32$m^3$ | 4640/$m^3$ | 38604.8 |
| 5. 12mm കനത്തിൽ 1:4 സിമന്റ് കോൺക്രീറ്റ് | 102.17$m^2$ | 204/$m^2$ | 20842.68 |
| 7. സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് | 22.75kg | 80.64/kg | 1834.56 |
| 6. 20mm മെറ്റൽ ഉപയോഗിച്ച് സിമന്റ് കോൺക്രീറ്റ് 1: 2: 4 | 0.361$m^3$ | 6477/$m^3$ | 2337.11 |

കൺവീനറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും പണമിടപാടുകൾ അക്കൗണ്ടിലൂടെയല്ല നടത്തിയിട്ടുള്ളത്. ഇത്തരം തെറ്റുകൾ ആവർത്തിക്കുന്നപക്ഷം ചെലവു തുക അസി.എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/27.02.2019) ഇത്തരം തെറ്റുകൾ

ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

# 3-5 കെട്ടിടം നവീകരണത്തിൽ പൊളിച്ചു മാറ്റിയ ഉരുപ്പടികൾ പഞ്ചായത്തിൽ ഏല്പിച്ചിട്ടില്ല

പ്രവൃത്തി - വെള്ളിനേഴി ജി.എൽ.പി.എസ് കെട്ടിടം നവീകരണം

പ്രൊജക്ട് നം. : 139/17( ലോക ബാങ്ക് )

അടങ്കൽ : 495000

ചെലവ് : 481510

ബിൽ നം : 33/17-18//26.12.17

കരാറുകാരൻ : ശ്രീ.ജോൺ.എം.എം

എം.ബുക്ക് നം. : 259/16-17

മേൽ പ്രവൃത്തിക്കു വേണ്ടി ഇനം നം.1 പ്രകാരം ഷീറ്റ് മേൽക്കൂര പൊളിച്ചുമാറ്റുന്ന പ്രവൃത്തി 186.48 m2 അളവിൽ ചെയ്തത് 184.8$m^2$ ആയി ലിമിറ്റ് ചെയ്ത് 85.53$m^2$ നിരക്കിൽ 15805.94 രൂപ അനുവദിച്ചിട്ടുണ്ട്. ഇനം 2 പ്രകാരം 989.8kg ഇരുമ്പ് പൈപ്പ് (640 m) നീക്കം ചെയ്തതിന് 1.97/kg നിരക്കിൽ 1949.9 രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉരുപ്പടികൾ പഞ്ചായത്തിൽ ഏല്പിക്കുകയോ ലേലം ചെയ്ത് ഒഴിവാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/27.02.2019) ഉരുപ്പടികൾ പഞ്ചായത്തിൽ ലഭ്യമാക്കി ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇവ ലേലം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് - ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 115 പൊതു ടാപ്പുകൾ നിലവിലുണ്ട്. വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും പ്രതിമാസം 50313 /- രൂപ

നിരക്കിൽ ജല അതോറിറ്റിക്ക് ഗ്രാമപഞ്ചായത്ത് പ്രതിവർഷം 603750/- രൂപ നല്കുന്നുണ്ട്. പഞ്ചായത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 86 പൊതു ടാപ്പുകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് ഇത് കൃത്യമായ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കിയാണോ എന്നും രേഖപ്പെടുത്തിയ പൊതു ടാപ്പുകൾ പ്രവർത്തന ക്ഷമമാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം അധികം അടവാക്കിയ തുക ജല അതോറിറ്റിയുടെ ബില്ലിൽ നിന്നും കുറവാക്കി ക്രമീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാ) നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അത്തരത്തിൽ സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധനാ നടത്തേണ്ടതും ഉപയോഗരഹിതമായ ടാപ്പുകൾക്ക് തുക ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 മഴക്കാല പൂർവ്വ ശുചീകരണം സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷൻ, എൻ.ആർ.എച്ച്.എം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 9 വാർഡുകൾക്കായി ശുചിത്വ മിഷൻ നല്കിയ 76155/-രൂപ 01-07-2017ലെ ചെക്ക് നം. 0155272 പ്രകാരം സെക്രട്ടറി മെഡിക്കലാഫീസർക്ക് കൈമാറിയിട്ടുണ്ട്. 2017ജൂൺ 30ന് മുൻപ് ചെലവഴിക്കാത്ത തുകകൾ ഈ ഇനത്തിൽ ഉൾപ്പെടുത്തില്ലെന്ന് 16-3-2017 തീയ്യതിയിലെ സർക്കാർ സർക്കുലർ നം. 127/2017 ത.സ്വ.ഭ.വ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ സെക്രട്ടറിയുടെ പ്രസ്തുത ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദീകരണം ആവശ്യപ്പട്ടത് (എൻക്വയറി നം 10/27.02.2019) മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് നല്കിയ മറുപടിയിൽ മഴക്കാലത്തിന് മുൻപ് തന്നെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ആയതിന്റെ ബിൽ ഹാജരാക്കാൻ വൈകിയതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പ്രകാരമുള്ള ചെലവിന്റെ

രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവുതുക 76155/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 കുളക്കാടൻ മല, മുതലമൂർക്കൻകടവ് ബോട്ടിംഗ് സാദ്ധ്യതാ പഠനം

കുളക്കാടൻ മല, മുതലമൂർക്കൻകടവ് ബോട്ടിംഗ് സാദ്ധ്യതാ പഠനം എന്ന പ്രോജക്റ്റ് 2017-18 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടുപയോഗിച്ച് ആവിഷ്കരിച്ചിട്ടുള്ളതാണ്. ടി പദ്ധതിയുടെ ആദ്യപടി എന്നനിലയിൽ കുളക്കാടൻ മല എക്കോ ടൂറിസം, മുതലമൂർക്കൻകടവ് ബോട്ടിംഗ് സാദ്ധ്യത എന്നിവ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്ക് ഐ.ആർ.ടി.സി യുമായി 12.01.2018ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്ക് മുൻകൂറായി വൗച്ചർ നം. 648/22.01.2018 പ്രകാരം 25000/-രൂപ ഐ.ആർ.ടി.സിക്ക് നല്കിയിട്ടുണ്ട്. ധാരണാപത്രം പ്രകാരം 13.04.2018ന് മുൻപായി കുളക്കാടൻ മല എക്കോ ടൂറിസം, മുതലമൂർക്കൻകടവ് ബോട്ടിംഗ് സാദ്ധ്യത എന്നിവ പഠിച്ച് റിപ്പോർട്ട് നല്കേണ്ടിയിരുന്നു. എന്നാൽ നാളിതുവരെ ഐ.ആർ.ടി.സി റിപ്പോർട്ട് നല്കിയിട്ടില്ല. ടി വിഷയത്തിൽ എത്രയും പെട്ടന്ന് (31.06.2018ന് മുൻപായി) റിപ്പോർട്ട് നല്കുവാൻ 27-06-2018ന് ഐ.ആർ.ടി.സിയോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. ശേഷം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 14-09-2018ലെ 1(4) നം. തീരുമാനപ്രകാരം കുളക്കാടൻ മല എക്കോ ടൂറിസം പഠനം ഒഴിവാക്കി മുതലമൂർക്കൻകടവ് ബോട്ടിംഗ് സാദ്ധ്യതാ പഠനം മാത്രമായി പദ്ധതി ഭേദഗതി വരുത്തിയിട്ടുണ്ട്. ടി വിവരം 25-09-2018ന് ഐ.ആർ.ടി.സിയെ അറിയിച്ചിട്ടുമുണ്ട്. പ്രവർത്തിയുടെ പുരോഗതി സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കുളക്കാടൻ മലയുടെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ മൂന്ന് കോടി രൂപ അനുവദിച്ചെന്നും ആയതിനാലാണ് ശേഷം കുളക്കാടൻ മല എക്കോ ടൂറിസം പഠനം ഒഴിവാക്കി മുതലമൂർക്കൻകടവ് ബോട്ടിംഗ് സാദ്ധ്യതാ പഠനം മാത്രമായി പദ്ധതി ഭേദഗതി വരുത്തിയതെന്ന് വിശദികരിച്ചു. ഇതുസംബന്ധിച്ച ഫൈനൽ റിപ്പോർട്ട് മാർച്ച് മാസം 31നകം ലഭ്യമാക്കുമെന്ന വിവരം ഐ.ആർ.ടി.സി അറിയിച്ചിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ട്.

# 3-9 ഒരേ ഉദ്ദേശത്തിനായി ആരംഭിച്ച രണ്ട് അക്കൗണ്ടുകളിൽ ഒന്ന് നിർത്തലാക്കേണ്ടതാണ്

പഞ്ചായത്തിലെ പദ്ധതി നടത്തിപ്പിനായുള്ള ഫണ്ട് കൈമാറ്റത്തിനുവേണ്ടിയും ഇ-ടെന്റർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാകുന്നതിനു വേണ്ടിയും ഒരു ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കണമെന്നതിനാൽ അസി.എഞ്ചിനീയർ ഇക്കാര്യത്തിനായി ഒന്നിനു പകരം രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഇ-ടെന്റർ ഫോറം

വില എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാകുന്നതിന വേണ്ടി എസ്.ബി ഐ, ചെർപ്പുളശ്ശേരിയിൽ 37343180761 നമ്പറായുള്ള അക്കൗണ്ടും തനതു ഫണ്ടിൽ നിന്നുള്ള തുക പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് നിക്ഷേപിക്കുന്നതിനായി കനറാ ബാങ്ക്, വെള്ളിനേഴിയിൽ 1536101103382 നമ്പറായുള്ള അക്കൗണ്ടും ആരംഭിച്ചിട്ടുണ്ട്. ഇ-ടെന്റർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭിച്ചിട്ടുള്ളതിൽ 13776 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ആയത് തനതുഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. കൂടാതെ തനതു ഫണ്ടിൽ നിന്നുള്ള തുക പദ്ധതി നടത്തിപ്പിനായി അസി.എഞ്ചിനീയർക്ക് നൽകിയ തുകയിൽ 69802 രൂപയും അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഈ തുക തനതുഫണ്ടിലേക്ക് ഒടുക്കി ഒരു അക്കൗണ്ട് മാത്രം നിലനിർത്തുകയും മറ്റുള്ളവ അവസാനിപ്പിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/01.03.2019) ഇതിലെ ഒരു അക്കൗണ്ട് നിർത്തലാക്കി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

# 3-10 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു. ടി പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 68/18-സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബിയിലേക്ക് തുക നല്കൽ | 1)21701018 /19.10.17<br>2)21701108/ 14.2.2018 | 494000<br>499990 | 494000<br>499990 | 0<br>0 |
| കേരള വാട്ടർ അതോറിറ്റി | 147/18-ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്യൽ | 21701022/ 14.11.2017 | 1609000 | 1609000 | 0 |
| കേരള വാട്ടർ അതോറിറ്റി | 149/18-ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21700998/ 31.08.2017 | 6191685 | 6191685 | 0 |
| കേരള വാട്ടർ അതോറിറ്റി | 209/18, ബംഗ്ലാവ്കുന്ന് | 1)21701152/ 23.2.18 | 63106 | 89000 | 0 |

| | | | | | |
|---|---|---|---|---|---|
| | അങ്കൺവാടി പരിസരം പൈപ്പ് ലൈൻ നീട്ടൽ | 2)21701153 /23.2.2018 | 25894 | | |
| കേരള വാട്ടർ അതോറിറ്റി | 210/18- ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയ്ക്ക് നല്കാനുള്ള തുക | 21701023/ 16.11.17 | 245557 | 245557 | 0 |
| കേരള വാട്ടർ അതോറിറ്റി | 217/18, കണ്ടരാമത്ത് കോളനി കുടിവെള്ള പദ്ധതി | 21701095/ 22.1.18 | 225000 | 225000 | 0 |
| കേരള വാട്ടർ അതോറിറ്റി | 218/18, കിഴക്കേതിൽ കോളനി കുടിവെള്ള പദ്ധതി | 21701154/ 23.2.18 | 295000 | 295000 | 0 |
| കേരള വാട്ടർ അതോറിറ്റി | 222/18, മള്ളിയൂർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 21701155/ 23.2.18 | 103000 | 103000 | 0 |
| കേരള വാട്ടർ അതോറിറ്റി | 223/18, പള്ളത്ത് കോളനി കുടിവെള്ള പദ്ധതി | 21701156/ 23.2.18 | 100000 | 100000 | 0 |
| കേരള വാട്ടർ അതോറിറ്റി | 224/18, കുന്നത്ത് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21701180/ 1.3.18 | 450000 | 450000 | 0 |
| കേരള വാട്ടർ അതോറിറ്റി | 225/18, കിഴക്കേപ്പുര കോളനി കുടിവെള്ള പദ്ധതി തുക ഡെപ്പോസിറ്റ് ചെയ്യൽ | 21701206/ 21.3.18 | 589952 | 589952 | 0 |

# 3-11 പ്രൊക്യുർമെന്റ് മാർഗരേഖയിലെ

# നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷത്തിൽ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ എന്ന പ്രൊജക്റ്റുമായി ബന്ധപ്പെട്ട് അപാകതകൾ താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| 1 | 119/18പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 399048/- | 338934 | 22/12.01.18 |
| 2 | 214/18പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും രണ്ടാം ഘട്ടം | 190000/- | 189225 | 28/23.01.18 |
| 3 | ആകെ | 589048 | 528159 | |

രണ്ട് പ്രൊജക്റ്റിലുംകൂടി 106 ഗുണഭോക്താക്കൾക്ക് (68+38= 106)കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്ന് സ്റ്റീൽ മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സമാന രീതിയിലുള്ള ഈ പ്രൊജക്റ്റുകൾക്കുള്ള ആകെ ചെലവ് 528159 രൂപയാണ്.

സ.ഉ. (എം.എസ്) 13/2015/ITD/ തീ. 12.5.2015 പ്രകാരം 5 ലക്ഷത്തിനു മുകളിലുള്ള ടെൻഡറുകൾക്ക് ഇ- പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ഈ രണ്ട് പ്രൊജക്റ്റുകളുടേയും ഗുണഭോക്താക്കൾ ഓരേ വിഭാഗത്തിൽ പെടുന്നവരും ഒരേ ആനുകൂല്യം കൈപ്പറ്റാൻ തെരഞ്ഞെടുക്കപ്പെട്ടവരുമാണ്. നിർവഹണോദ്യോഗസ്ഥനും മേശയും കസേരയും വിതരണ ഏജൻസിയും രണ്ട് പ്രൊജക്റ്റുകളുടെ കാര്യത്തിലും മാറ്റമില്ല. മേൽ പറഞ്ഞ സാഹചര്യങ്ങൾ നിലനിൽക്കെ പ്രൊജക്ട് രണ്ടായി വിഭജിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/02.03.19) പ്രൊജക്ട് നം 119/18 പ്രകാരം 68 ഗുണഭോക്താക്കൾക്ക് മേശയും കസേരയും വാങ്ങി വിതരണം ചെയ്തതിന് ശേഷമാണ് 38 ഗുണഭോക്താക്കൾ കൂടി പ്രസ്തുത ആനുകൂല്യത്തിന് അർഹരാണെന്നും ആവശ്യക്കാരാണെന്നും അറിഞ്ഞതെന്നും അതിനാൽ ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും രണ്ടാം ഘട്ടം എന്ന പേരിൽ പുതിയ പ്രൊജക്ട് നടപ്പിലാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.06.2017 ലെ 1(3) നം തീരുമാന പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും,സൈക്കിൾ എന്നീ പ്രൊജക്റ്റുകൾക്കാവശ്യമായ ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ കുട്ടികൾ പഠിക്കുന്ന ബന്ധപ്പെട്ട സ്കൂളുകളിലെ മേധാവികളോട് ആവശ്യപ്പെടുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് സമയബന്ധിതമായി ലഭ്യമാക്കി മുഴുവൻ ഗുണഭോക്താക്കളെയും ഉൾക്കൊള്ളിച്ച് പ്രൊജക്ട് തയ്യാറാക്കേണ്ടതായിരുന്നു. പ്രൊക്യൂർമെന്റ് മാർഗരേഖ,സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഭാവിയിൽ പ്രൊജക്ട് നടപ്പിലാക്കേണ്ടതാണ്.

# 3-12 ഓഡിറ്റ് ഇംപാക്ട്- ഇരുചക്ര വാഹനങ്ങൾക്ക് വാഹന വാടക നൽകിയതു് - തിരിച്ചടവാക്കി

പ്രൊജക്ട്. –65/17-18 രോഗ പ്രതിരോധ കുത്തിവെപ്പ് പരിപാടികൾ

അടങ്കൽ. – 40000/-

നിർവ്വഹണം . - മെഡിക്കൽ ഓഫീസർ, പി എച്ച് സി, വെള്ളിനേഴി

മേൽ പ്രൊജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ രോഗ പ്രതിരോധ കുത്തിവെപ്പ് പരിപാടികൾക്ക് ആവശ്യമായ വാക്സിൻ, സാധനങ്ങൾ എന്നിവ എത്തിക്കുക, ആരോഗ്യ പ്രവർത്തകരെ കൊണ്ടുപോവുക എന്നിആവശ്യങ്ങൾക്കായി വാഹന വാടക നൽകിയതിൽ വൌച്ചർ പ്രകാരമുള്ള വാഹന നമ്പർ പരിശോധിച്ചതിൽ താഴെ പറയുന്ന വാഹനങ്ങൾ, മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം വാഹന രജിസ്ട്രേഷൻ ഇരുചക്ര വാഹനങ്ങളായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | ബിൽ നം | ഡ്രൈവർ /ട്രിപ്പ് ഷീറ്റ് തിയ്യതി | നൽകിയ തുക | വാഹന നമ്പർ | മോട്ടോർ വാഹന വകുപ്പിന്റ വെബ്ബ് സൈറ്റ് പ്രകാരം-വാഹനം | ഉടമ | RTO office |
|---|---|---|---|---|---|---|---|
| 1 | 2/18 തീ 11.8.17 തുക 9600- | ശശി/12.06.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സ്പ്ലെന്റർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| | | ശശി /16.05.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സ്പ്ലെന്റർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| | | ശശി /15.05.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സ്പ്ലെന്റർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| | | ശശി /11.04.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സ്പ്ലെന്റർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| | | ശശി /18.04.17 | 400 | KL51 B-461 | ഹീറോ ഹോണ്ട | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | സപ്ലെൻഡർ പ്ലസ് | | |
| | | ശശി /20.06.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സപ്ലെൻഡർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| | | ബാബുരാജ് /11.07.17 | 400 | KL51 B-4353 | ടി വി എസ് സ്കൂട്ടി പെപ് | ശശി കുമാർ | ഒറ്റപ്പാലം |
| | | ബാബു രാജ് /18.07.17 | 400 | KL51 B-4353 | ടി വി എസ് സ്കൂട്ടി പെപ് | ശശി കുമാർ | ഒറ്റപ്പാലം |
| 2 | 4/18 തീ 11.8.17 തുക 2400- | ബാബു രാജ് /18.08.17 | 400 | KL51 B-4353 | ടി വി എസ് സ്കൂട്ടി പെപ് | ശശി കുമാർ | ഒറ്റപ്പാലം |
| | | ബാബു രാജ് /8.08.17 | 400 | KL51 B-4353 | ടി വി എസ് സ്കൂട്ടി പെപ് | ശശികുമാർ | ഒറ്റപ്പാലം |
| 3 | 6/18 തീ.20.10.17 തുക 2400- | ശശി /18.9.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സപ്ലെൻഡർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| | | ശശി /19.9.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സപ്ലെൻഡർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| 4 | 9/18 തീ.18.12.17 തുക 2400 | ശശി/ 10.10.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സപ്ലെൻഡർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| | | ശശി/ 13.10.17 | 400 | KL51 B-461 | ഹീറോ ഹോണ്ട സപ്ലെൻഡർ പ്ലസ് | ജെറിൻ അഗസ്റ്റിൻ | മലപ്പുറം |
| 5 | ആകെ | | 5200 | | | | |

ഇരുചക്ര വാഹനങ്ങൾക്ക് ടൂറിസ്റ്റ്/ടാക്സി പെർമിറ്റ്, ട്രിപ്പ് ഷീറ്റ് എന്നിവ അനുവദനീയമല്ലാത്തതിനാൽ contract carriage വാഹനങ്ങൾക്ക് ഉപയോഗിക്കുന്ന ട്രിപ്പ് ഷീറ്റ് (റൂൾ 224 പ്രകാരം) മേൽ പറയുന്ന വാഹനങ്ങളുടെ ഡ്രൈവർമാർ ഹാജരാക്കിയത് യഥാർത്ഥത്തിലുള്ളതല്ല. ആയതിനാൽ പ്രസ്തുത ചെലവുകൾക്ക് വിശദീകരണം

ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/26.02.2019) രോഗ പ്രതിരോധ കുത്തിവെപ്പ് പരിപാടികൾക്ക് ഉപയോഗിച്ച വാഹനങ്ങളുടെ ഡ്രൈവർ തന്ന ട്രിപ്പ്ഷീറ്റ് ശരിയായി പരിശോധന നടത്തിയിട്ടില്ലെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്നും മറുപടി നൽകുകയും അനർഹമായി നൽകിയ 5200 രൂപ 118040105407/05.03.2019 നമ്പർ രസീതി പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

# 3-13 ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയതിൽ നിന്ന് വ്യതിചലിച്ച് പ്രൊജക്ട് നടപ്പിലാക്കി

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ഉരുവിനെ പർച്ചേയ്സിംഗ് കമ്മിറ്റി മുഖാന്തിരം വാങ്ങുന്നതിനും, ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടവാക്കുന്നതായി കാണിച്ചാണ് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് ഉരുവിനെ വാങ്ങിക്കുകയും ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിന് പകരം ഉരുവിനെ നൽകിയ വ്യക്തികൾക്ക് നേരിട്ട് നൽകിയതായാണ് കാണുന്നത്. തൻമൂലം ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള ചെലവ് ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ചെലവ് | ഗുണഭോക്തൃ വിഹിതം നേരിട്ട് നൽകിയത് |
|---|---|---|---|---|
| 1 | 72/18 പെണ്ണാട്ട വളർത്തൽ-പട്ടികജാതി വനിത | വികസന ഫണ്ട് -240000<br>ഗുണഭോക്തൃ വിഹിതം-80000<br>ആകെ 320000 | ബിൽ 5/18 തീ 18.01.18-216000/-<br>8/18 തീ 18.01.18-24000<br>ആകെ 240000 | 80000<br>(20*4000) |
| 2 | 219/18 കറവപശു വളർത്തൽ -ജനറൽ | വികസന ഫണ്ട് -425000<br>ഗുണഭോക്തൃ വിഹിതം-425000 | ബിൽ 7/18 തീ 18.01.18-350000/- | 425000/-(17*25000) |

| | | | | |
|---|---|---|---|---|
| | | ആകെ 850000 | 11/18 തീ 9.03.18-75000/-<br><br>ആകെ 425000 | |
| 3 | 75/18 കറവപശു വളർത്തൽ -പട്ടികജാതി വനിത | വികസന ഫണ്ട് -510000<br><br>ഗുണഭോക്തൃ വിഹിതം-170000<br><br>ആകെ 680000അടങ്കൽ | ബിൽ 4/18 തീ 18.01.18-210000/-<br><br>10/18 തീ 9.03.18-300000/-<br><br>ആകെ 510000/- | 170000/-(17*10000) |

സ.ഉ (എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.2 .കുറിപ്പ് 3 പ്രകാരം മൃഗസംരക്ഷണ മേഖലയിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അധ്യക്ഷനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ 5 പേർ അംഗങ്ങളായുള്ള സമിതി രൂപീകരിക്കുകയും പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രസ്തുത സമിതിക്ക് നേരിട്ട് ഉരുക്കളെ വാങ്ങാവുന്നതാണെന്നും ഗുണനിലവാരം വെറ്ററിനറി സർജ്ജൻ ഉറപ്പുവരുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രൊജക്ടിൽ നിന്ന് വ്യതിചലിച്ച് ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കാത്തതിനും സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് ഉരുക്കളെ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/23.02.2019) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പദ്ധതി വിശദീകരണ പരിശീലന പരിപാടിയിൽ ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതിന് എല്ലാവർക്കും നിർദ്ദേശം നൽകിയിരുന്നതാണെന്നും സാമ്പത്തിക പരാധീനതമൂലം ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടവാക്കുന്നതിന് ബുദ്ധിമുട്ടാണെന്നും ഉരുക്കളെ നൽകിയ വ്യക്തികൾക്ക് നേരിട്ട് നൽകുകയാണെങ്കിൽ സാവകാശം ലഭിക്കുമെന്ന് ഗുണഭോക്താക്കൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഉരുക്കളെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിക്കുകയും ഗുണഭോക്തൃ വിഹിതം ഉരുവിനെ നൽകിയ വ്യക്തികൾക്ക് നേരിട്ട് നൽകുകയും ചെയ്തതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ടും, അംഗീകാരം ലഭിച്ച പ്രൊജക്ടിൽനിന്നും വ്യതിചലിക്കാതെ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

# 3-14 ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ-

# വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് മുചക്രവാഹനം

പ്രോജക്ട് നമ്പർ - 146/17-18

അടങ്കൽ - 80000 (വികസന ഫണ്ട്)

ചെലവ് - 80000

നിർവഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

ബിൽ നമ്പർ - 13/17-18 തിയതി 12.03.2018

പാലക്കാട് ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ എന്ന സംയുക്ത പ്രൊജക്ടിന്റെ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 80000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് (a/c no.79901140002200) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 12/28.02.2019 ന്, 7 ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹിതം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും പ്രൊജക്ട് പൂർത്തിയായിട്ടില്ലെന്നും പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

# 3-15 അങ്കണവാടികളിലേക്ക് ഫർണിച്ചറും ചെയറും വാങ്ങൽ-KADCO നിർമ്മിക്കാത്ത ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ KADCOയിൽനിന്ന് നേരിട്ട് വാങ്ങിയത്

പ്രൊജക്ട് നം. - 213/18 അങ്കണവാടികളിലേക്ക് ഫർണീച്ചറും ചെയറും വാങ്ങൽ

അടങ്കൽ - 264097

ബിൽനം - 10/18 തീ 18.01.18- തുക 264097/-

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

തദ്ദേശമിത്രം പദ്ധതിയിൽ പൂർത്തീകരിച്ച 8 അങ്കണവാടികളിലേക്ക് ഫർണീച്ചറും ചെയറും വാങ്ങൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി KADCO യിൽ നിന്നും ഇൻവോയ്സ് നം KADCO/NRO/2017-18/104 തീ.18.12.17 പ്രകാരം 8 സ്റ്റീൽ ടേബിൾ 200 ബേബി ചെയറുകൾ, 200 ഫൈബർ ചെയറുകൾ എന്നിവ താഴെ പറയുന്ന നിരക്കിൽ വാങ്ങിയിട്ടുണ്ട്.

| ക്രമ | ഇനം | എണ്ണം | നിരക്ക് | ആകെ വില |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം | | | | |
| 1 | സ്റ്റീൽ ടേബിൾ | 8 | 5477.56 | 43820.48 |
| 2 | ബേബി ചെയറുകൾ-നീൽകമൽ | 200 | 351.64 | 70328.00 |
| 3 | ഫൈബർ ചെയറുകൾ-നീൽകമൽ | 200 | 757.56 | 151512.00 |
| 4 | ആകെ | | | 265660.48 |

തുക പ്രൊജക്ട് അടങ്കലിൽ ക്രമപ്പെടുത്തി 264097/-രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത ഇൻവോയ്സിലെ നീൽകമൽ ചെയറുകൾ KADCO യിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്നതല്ല.

സ.ഉ (ആർ.ടി) നം 3299/2016/ത.സ്വ.ഭ.വ തീ 02.12.2016 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധ സർക്കാർ /ഗവ.അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് വാങ്ങുന്നത് പ്രസ്തുത സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്കുമാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.അല്ലാത്തവ പരസ്യ ടെണ്ടർ മുഖാന്തിരം വാങ്ങിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് ആയതിന് വിരുദ്ധമായി KADCO യിൽനിന്ന് നേരിട്ട് വാങ്ങിയതിനാൽ പരസ്യ ടെണ്ടർ മുഖാന്തിരം സാധന സാമഗ്രികൾ വാങ്ങിക്കുമ്പോൾ കൂടുതൽ മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനും സാമ്പത്തിക ലാഭമുണ്ടാവുന്നതിനും സാധ്യതയില്ലാതായി.സ.ഉ (എം.എസ്) നം 01/2016/എസ് പി ഡി. തീ 08.12.2016 പ്രകാരം ടെണ്ടർ ഒഴിവാക്കി നേരിട്ട് സാധനങ്ങൾ വാങ്ങുമ്പോൾ ഓർഡർ തുകയുടെ 50%വരെ മാത്രമേ പ്രസ്തുത സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കാത്ത സാധനങ്ങൾ വാങ്ങാവൂ എന്നും നേരിട്ട് ഉല്പാദിപ്പിക്കാത്ത സാധനങ്ങൾ50%ത്തിൽ അധികരിക്കുന്ന പക്ഷം ടെണ്ടർ നടപടികൾ പാലിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആകെ പർച്ചെയ്സ് ഓർഡറിന്റെ 83 % തുക KADCO ഉല്പാദിപ്പിക്കാത്ത സാധനങ്ങൾ വാങ്ങുന്നതിനാണ് വിനിയോഗിച്ചിരിക്കുന്നത്.

സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കും, സർക്കാർ ഉത്തരവിനും വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/28.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.സ.ഉ (എം.എസ്)നം80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. ഭാവിയിൽ

പ്രൊജക്ടുമായി ബന്ധപ്പെട്ട വാങ്ങൽ നടപടി ക്രമങ്ങളിൽ സബ്സിഡി മാർഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 3-16 നഴ്സറി നിർമ്മാണം - തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിലും വീട്ടു വളപ്പുകളിലും വൃക്ഷത്തൈ വെച്ചു പിടിപ്പിക്കുന്നതിനുള്ള തൈകൾ വളർത്തുന്നതിന് 10.61 kg നെല്ലി വിത്ത്, 8 kg പേര വിത്ത് എന്നിവ 16993 രൂപയ്ക്കും 80000 ഗ്രോ ബാഗ് 68000 രൂപയ്ക്കും തൊഴിലുറപ്പ പദ്ധതി ഫണ്ട് ഉപയോഗിച്ചും വിഷ രഹിതമായ ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മുരിങ്ങ, പപ്പായ എന്നിവയുടെ ചെടികൾ വീടുകളിൽ എത്തിക്കുന്നതിനുവേണ്ടി ഇവയുടെ വിത്തുകൾ പദ്ധതി ഫണ്ട് 33500 രൂപ ഉപയോഗിച്ചും വാങ്ങിയിട്ടുണ്ട്.

ഒരു നഴ്സറി യൂണിറ്റ് തൊഴിലുറപ്പ പദ്ധതിയിൻകീഴിൽ സജ്ജമാക്കുകയും തൊഴിലാളികളുടെ കൂലിയിനത്തിൽ 89157.00രൂപ ചെലവഴിച്ച് തൈകൾ വളർത്തുകയും ചെയ്തിട്ടുണ്ട്. മേൽ നഴ്സറികളിൽ നിന്നുള്ള വിവിധ തരത്തിലുള്ള വൃക്ഷത്തൈകൾ തൊഴിലുറപ്പ പദ്ധതി മുഖേന നട്ടുപിടിപ്പിക്കുകയും മുരിങ്ങ, പപ്പായ എന്നിവയുടെ ചെടികൾ സ്കൂളുകളിലൂടെ സൗജന്യമായി വിതരണം ചെയ്തതായും അറിയിച്ചിട്ടുണ്ട്.

എന്നാൽ ഇവ സ്കൂളുകളിലേക്ക് വിതരണം ചെയ്യുമ്പോൾ അവ കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. തൊഴിലാളികളെയും വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും ഭക്ഷ്യ സുരക്ഷയുടെയും ഭാഗമാക്കി മാറ്റാനുള്ള ഇത്തരം നഴ്സറി നിർമ്മാണ പ്രവർത്തനങ്ങൾ പ്രശംസനീയമാണെങ്കിലും ഇവയുടെ ഉത്പാദന വിതരണ രേഖകൾ കൃത്യമായി സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല ഇവയുടെ മോണിറ്ററിങ് റിപ്പോർട്ടും തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-17 തെരുവു വിളക്ക് വാങ്ങി സ്ഥാപിക്കൽ

| | |
|---|---|
| പ്രൊ.നം. | 63/18-തെരുവു വിളക്ക് വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | - 1000000/- |

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, ചെലവ് : സി.എഫ്.സി - 999400/- (ബിൽ നം. 30/17-18 തീ 12.01.2018)

തെരുവു വിളക്കുകളുടെ വാങ്ങൽ ഫയൽ പരിശോധനയിൽ 3800/-രൂപ നിരക്കിൽ 263 സി.എഫ്.ലാമ്പുകൾ (2x24 വാട്ട്സ് ) കെ.എസ്.ഐ.ഇ യിൽ നിന്നു നേരിട്ട് ഇൻവോയ്സ് നം. ksie/pkd/305/16-17/dt.03-10-2017 പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ആയവ സ്ഥാപിച്ച വിവരം വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബിയിൽ 263 വിളക്കുകൾ സ്ഥാപിച്ചതിന്റെ സൂപ്പർ വിഷൻ ചാർജ്ജ്/ഇൻസ്റ്റലേഷൻ ചാർജ്ജ് അടവാക്കിയതിന് രേഖകളില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 15-09-17ലെ തീരുമാനം നം. 4 പ്രകാരം കെ.എസ്.ഐ.ഇ യിൽ നിന്നു തെരുവു വിളക്കുകൾ വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും. അക്രഡിറ്റഡ് ഏജൻസിയായ കെ.എസ്.ഐ.ഇ എന്ന സ്ഥാപനം തെരുവു വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇൻസ്റ്റലേഷൻ ചാർജ്ജ് കെ.എസ്.ഇ.ബിയിൽ ഒടുക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 വാഹനം രേഖകൾ സൂക്ഷിക്കണം.

പഞ്ചായത്ത് വക വാഹനത്തിന്റെ രേഖകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ജി.ഒ (എം.എസ്) നം. 170/07/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം വാഹനങ്ങളുടെ പരിപാലനത്തിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.
2. സാമ്പത്തിക വർഷത്തിൽ വാഹനത്തിന്റെ ഇന്ധന ഉപയോഗം സാക്ഷ്യപ്പെടുത്തി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
3. ഇന്ധനം നിറയ്ക്കുമ്പോഴത്തെ കിലോമീറ്റർ റീഡിംഗ് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
4. റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ (2017-18), വെഹിക്കിൾ ഹിസ്റ്ററി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.
   വാഹന പരിപാലനത്തിന് ആവശ്യമായ എല്ലാ രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-19 തെരുവ് വിളക്കുകൾ-കേരള പഞ്ചായത്ത് രാജ് ആക്റ്റ് 176 ബി.4-ാം ഉപവകുപ്പ് പ്രയോജനപ്പെടുത്താവുന്നതാണ്

പഞ്ചായത്ത് നിലവിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം ശരാശരി 23580 രൂപ വീതം KSEB യിലേക്ക് അടച്ചു വരുന്നുണ്ട്. പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന തെരുവു വിളക്കു രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി 784+263 (LEDപുതിയത്) CFL ലാമ്പുകൾ മാത്രമാണ് ഉള്ളത്. മീറ്റർ ഘടിപ്പിക്കാത്തതിനാൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതിചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് വിളക്കുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഒടുക്കി വരുന്നത്. കൂടാതെ പുതിയ ആറ് ഹൈമാസ്റ്റ് വിളക്കുകൾക്കായി ശരാശരി 25000/-രൂപ വീതം ചെലവഴിക്കുന്നുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും, ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കി ആയതിനെ അടിസ്ഥാനമാക്കി ചാർജ് ഒടുക്കേണ്ടതും തനത് വരുമാനം കുറവായ പഞ്ചായത്തിൽ ഹൈമാസ്റ്റ് വിളക്കുകൾ കത്തിക്കുന്നതിലേക്കുള്ള ചെലവുകൾ നടത്തുന്നതിലേക്ക് വിഭവ

സമാഹരണത്തിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ് 176 ബി.4-ാം ഉപവകുപ്പ് പ്രകാരമുള്ള കൂട്ടായ വിളക്കുവയ്ക്കൽ സമ്പ്രദായം അവലംബിക്കാവുന്നതാണ്.

# 3-20 വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് മാതൃകാ പദ്ധതികൾ ഏറ്റെടുത്തത് അഭിനന്ദനാർഹം

ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് മുൻ വർഷങ്ങളിലും തൻവർഷവും വിവിധ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1. <u>ശിശു സൗഹൃദ അങ്കണവാടി</u>

ഗ്രാമ പഞ്ചായത്തിലെ ആകെയുള്ള 19 അങ്കണവാടികളിൽ 10 എണ്ണം തൻവർഷം പുതിയതായി നിർമ്മിച്ച് ശിശു സൗഹൃദമാക്കിയിട്ടുണ്ട്. കുടിവെള്ള സൗകര്യം, കളിയുപകരണങ്ങൾ, ചുമർ ചിത്രങ്ങൾ, പൂന്തോട്ടങ്ങൾ എന്നിവ ഏർപ്പെടുത്തിയും മറ്റ് അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയും അങ്കണവാടികളെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. പദ്ധതി ഫണ്ട്- 50000.00രൂപ, മെയിന്റനൻസ് ഫണ്ട്- 15,20,712.00 രൂപ, ലോകബാങ്ക് ഫണ്ട് - 1,11,19.917.00 രൂപ എന്നിവ ഉൾപ്പെടുത്തി 1,25,90,629.00 രൂപ ചെലവഴിച്ച് ശിശുക്കളുടെ മാനസിക വളർച്ചക്ക് ആക്കം കൂട്ടുന്ന അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മികച്ചതാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.



കുളക്കാട് അങ്കണവാടി – കളിയുപകരണങ്ങൾ






## തിരുനാരായണപുരം അങ്കണവാടി

2. <u>വൃക്ഷകുടുംബം പദ്ധതി</u>

എല്ലാ വീടുകളിലും പോഷകമൂല്യവും വിഷരഹിതവുമായ പച്ചക്കറി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് വൃക്ഷകുടുംബം എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ വീടുകളിലും മുരിങ്ങ, പപ്പായ, കറിവേപ്പ്, കാന്താരിമുളക്, നെല്ലി എന്നീ സസ്യങ്ങൾ നട്ടുപിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി ഫണ്ടിൽ നിന്നും "കുടുംബശ്രീ യൂണിറ്റുകൾക്ക് വിത്തുവിതരണം" എന്ന പദ്ധതിക്കുവേണ്ടി 26250 രൂപയും "ശീതകാല പച്ചക്കറി വിത്ത് വിതരണം" എന്ന പദ്ധതിക്കുവേണ്ടി 83520 രൂപയും തൊഴിലുറപ്പ് പദ്ധതി പ്രകാരവും 1,48,902 രൂപ ചെലവഴിച്ച് 1,00,000 തൈകൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇവ പഞ്ചായത്തിലെ 194 കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെയും സ്കൂളുകൾ മുഖേനയും എല്ലാ വീടുകളിലും എത്തിച്ചിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് കാർഷിക മേഖലയിൽ ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് കൃഷി ഓഫീസർ വിവിധ ഡാറ്റകളെ അടിസ്ഥാനപ്പെടുത്തി വ്യക്തമാക്കി.



## നഴ്സറി




## നാട്ടുചന്ത

3. തെളിനീർ പദ്ധതി

മേൽക്കുരയിലെ പാഴായിപോകുന്ന മഴവെള്ളം കിണറുകളിൽ റീചാർജ്ജുചെയ്ത് സംഭരിക്കുന്നതിനുള്ള പദ്ധതിയാണ് തെളിനീർ പദ്ധതി. ഇതിനകം 250 കിണറുകൾ റീചാർജ്ജുചെയ്തുകഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി റീചാർജ്ജ ചെയ്യപ്പെട്ട കിണറുകളിൽ ജലനിരപ്പ് ഉയർന്നതായും അതുവഴി കുടിവെള്ള ദൗർലഭ്യം രൂക്ഷമായിരുന്ന ഈ പഞ്ചായത്തിന്റെ അവസ്ഥ മാറി കുടിവെള്ളക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് ഈ മേഖലയിലെ ചെലവു പരിശോധനയിൽ നിന്നും ബോധ്യമാകുന്നു. ഇത്തരം പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. 2 വർഷം കൊണ്ട് 1000 കിണറുകൾ റീചാർജ്ജ ചെയ്യുന്നതിനാണ് പഞ്ചായത്ത് ലക്ഷ്യമിട്ടിട്ടുള്ളത്.

പഞ്ചായത്തിലെ തോട് വരമ്പുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 10000ച.മീ. വിസ്തൃതിയിൽ കയർ ഭൂവസ്ത്രം നിർമ്മിച്ചിട്ടുണ്ട്. ഇത് പ്രളയാനന്തരം വരമ്പുകൾ സംരക്ഷിതമാക്കാൻ പഞ്ചായത്തിനു സഹായകമായതായി പഞ്ചായത്ത് വിലയിരുത്തുന്നു.

ഓഡിറ്റ് ടീം 2.3.2019 ന് നടത്തിയ പ്രാദേശിക പരിശോധനയിലും വസ്തുതകൾ ബോധ്യമായി.

പഞ്ചായത്തിലെ ജൈവവൈവിധ്യ പരിപാലന സമിതിയുടെ നിർദ്ദേശപ്രകാരം 1,80,000 ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ള സംഭരണി ഒരു സ്വകാര്യ സ്ഥാപനം നിർമ്മിക്കുകയും ആവശ്യമുള്ള ഘട്ടങ്ങളിൽ കൃഷിക്കാർക്ക് തുറന്നുകൊടുക്കുകയും ചെയ്യുന്നുണ്ടെന്ന് സെക്രട്ടറിയും പ്രസിഡന്റും അറിയിച്ചു. ഇവ കൂടാതെ പദ്ധതികളിലെ ജനകീയ ഇടപെടലുകളുടെ ഭാഗമായി അടയ്ക്കാപുത്തൂർ തോട് വീതിയും ആഴവും കൂട്ടി 3.5 കി.മീ. ദൂരം തികച്ചും സൗജന്യമായി അടയ്ക്കാപുത്തൂർ പാടശേഖരത്തിലെ കർഷകരുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുള്ളത് മാതൃകാപരമാണ്.



കയർ ഭൂവസ്ത്രം



സ്വകാര്യ സ്ഥാപനം നിർമ്മിച്ച ജലസംഭരണി



## അടയ്ക്കാപുത്തൂർ തോട്

4. എല്ലാ അടുക്കളയിലും കുടിവെള്ളം

ചെറുകിട കുടിവെള്ള പദ്ധതികളും ശ്രീകൃഷ്ണപുരം ശുദ്ധജല പദ്ധതിയും ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും കുടിവെള്ളം എത്തിക്കാനുള്ള കർമ്മ പദ്ധതികളാണ് പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 16,09,000.00രൂപ ധനകാര്യ കമ്മീഷൻ ഫണ്ടും, 61,91,685.00 രൂപ ലോക ബാങ്ക് ഫണ്ടും ഉപയോഗപ്പെടുത്തി 14.5 കി.മീ. ലൈൻ വലിച്ച് എല്ലാ വീട്ടു പരിസരത്തും വെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളാ ജല അതോറിറ്റിയുടെ പൊതു ടാപ്പുകളെ പൂർണ്ണമായും ഒഴിവാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു.

5. വാത്സല്യം വെള്ളിനേഴി

പഞ്ചായത്തിലെ ശിശു മരണ നിരക്ക് നിലവിൽ 2 എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവ പാടെ തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യമേഖലയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതിയാണ് 'വാത്സല്യം വെള്ളിനേഴി'. ഇതിന്റെ ഭാഗമായി രോഗപ്രതിരോധ കുത്തിവെപ്പിന് പ്രാധാന്യം നൽകി പഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രതിരോധകുത്തിവെയ്പുക്യാമ്പുകൾ ഉൾപ്രദേശങ്ങളിലടക്കം നടത്തിവരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ രോഗപ്രതിരോധ കുത്തിവെപ്പിനായി 34,133 രൂപ പ്രൊജക്റ്റിലൂടെ ചെലവഴിച്ചിട്ടുണ്ട്.

6. അതിജീവനം

പഞ്ചായത്തിനെ പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "അതിജീവനം". ഈ പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യം സംഭരിക്കുന്നതിനുവേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ 4,30,251 രൂപ ചെലവിൽ കുറ്റാനശ്ശേരിയിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടുണ്ട്. വീടുകളിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പ്രത്യേകമായി വേർതിരിച്ചുവെച്ചിട്ടുള്ളത് അതിജീവനസേന പ്രതിമാസം ശേഖരിക്കുകയും

സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. ഈ ഉദ്ദേശത്തോടെ പഞ്ചായത്തിൽ "അതിജീവനം ഹരിതസേന " എന്ന പേരിൽ 9 പേരടങ്ങുന്ന സംഘത്തെ തെരെഞ്ഞെടുത്തിട്ടുണ്ട്.

വീടുകളിൽ നിന്നും 30 രൂപയും കടകളിൽ നിന്നും 40 രൂപയും ഫീസായി പ്രതിമാസം ഈടാക്കിയാണ് ഹരിതസേന പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നത്. ഈ തുകയിൽ നിന്നാണ് സേനയുടെ വേതനം കണ്ടെത്തുന്നത്. നിലവിൽ ഈ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകേരളത്തിന് നൽകിവരുന്നുണ്ട്. തുടർ വർഷങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിങ് യൂണിറ്റ് സ്ഥാപിച്ച് ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളെല്ലാം ഷ്രെഡ്ഡ് ചെയ്യുന്നതിനും അവ ക്ലീൻ കേരളാ മിഷന് വില്ലാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ഇതിനു വേണ്ടിയുള്ള കെട്ടിടം 2018-19 വർഷത്തിൽ പണികഴിപ്പിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം സജീവമാകുന്നതോടുകൂടി തുമ്പൂർമുഴി മോഡൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകൂടി ആരംഭിക്കുകയും അതിലൂടെ പരിപൂർണ്ണ മാലിന്യ മുക്ത പഞ്ചായത്തായി വെള്ളിനേഴി മാറുമെന്നും സെക്രട്ടറി അറിയിച്ചു.

പഞ്ചായത്തിന്റെ സമഗ്രമായ വികസനവും പാരിസ്ഥിതിക-ആരോഗ്യമേഖലകൾക്ക് ഊന്നൽ നൽകുന്നതുമായ പദ്ധികളെ ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടുള്ളത് പഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ദീർഘവീക്ഷണത്തെ പ്രകടമാക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 507500 | സമഗ്ര നെൽകൃഷി | 507500 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 500000 | കലാഗ്രാമം കമാനം | 41573 | 458427 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 275000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 275000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ശ്രീകൃഷ്ണപുരം | 68/18-സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി യിലേക്ക് തുക നല്കൽ | 1)21701018 /19.10.17<br>2)21701108/ 14.2.2018 | 494000<br>499990 | 494000<br>499990 | 0<br>0 |
| കേരള വാട്ടർ അതോറിറ്റി | 147/18-ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്യൽ | 21701022/ 14.11.2017 | 1609000 | 1609000 | 0 |
| കേരള വാട്ടർ അതോറിറ്റി | 149/18-ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21700998/ 31.08.2017 | 6191685 | 6191685 | 0 |
| കേരള വാട്ടർ അതോറിറ്റി | 209/18, ബംഗ്ലാവ്കുന്ന് അങ്കൺവാടി പരിസരം പൈപ്പ് ലൈൻ നീട്ടൽ | 1)21701152/ 23.2.18<br>2)21701153 /23.2.2018 | 63106<br>25894 | 89000 | 0 |
| കേരള വാട്ടർ അതോറിറ്റി | 210/18-ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയ്ക്ക് നല്കാനുള്ള തുക | 21701023/ 16.11.17 | 245557 | 245557 | 0 |
| കേരള വാട്ടർ അതോറിറ്റി | 217/18, കണ്ടരാമത്ത് കോളനി കുടിവെള്ള പദ്ധതി | 21701095/ 22.1.18 | 225000 | 225000 | 0 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 218/18, കിഴക്കേതിൽ കോളനി കുടിവെള്ള പദ്ധതി | 21701154/ 23.2.18 | 295000 | 295000 | 0 |
| കേരള വാട്ടർ അതോറിറ്റി | 222/18, മള്ളിയൂർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 21701155/ 23.2.18 | 103000 | 103000 | 0 |
| കേരള വാട്ടർ അതോറിറ്റി | 223/18, പള്ളത്ത് കോളനി കുടിവെള്ള പദ്ധതി | 21701156/ 23.2.18 | 100000 | 100000 | 0 |
| കേരള വാട്ടർ അതോറിറ്റി | 224/18, കുന്നത്ത് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21701180/ 1.3.18 | 450000 | 450000 | 0 |
| കേരള വാട്ടർ അതോറിറ്റി | 225/18, കിഴക്കേപ്പുര കോളനി കുടിവെള്ള പദ്ധതി തുക ഡെപ്പോസിറ്റ് ചെയ്യൽ | 21701206/ 21.3.18 | 589952 | 589952 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

2017-18 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയി ച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി തീർപ്പ് കല്പ്പിച്ചിട്ടില്ല. |
| 2015-16 | 2-1 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി തീർപ്പ് കല്പ്പിച്ചിട്ടില്ല. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62480820 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62637917 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 227129 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

നഷ്ടം ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 28507 | ശ്രീ. രാജേഷ്. പി.വി , അസി.എഞ്ചിനിയർ |
| | 122467 | ശ്രീ.കർണൻ .എം.ആർ, അസി.എഞ്ചിനിയർ |
| 3-7 | 76155 | ശ്രീ. സി.കെ.ഹരിദാസ്, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്. പി. വി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ എൽ. എസ്. ജി.ഡി താഴെക്കാട് ഗ്രാമപഞ്ചായത്ത് | കൗസ്തുഭം, പാൽ സൊസൈറ്റി ശ്രീകൃഷ്ണപുരം(പി.ഒ) |
| ശ്രീ.കർണൻ.എം.ആർ ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ എൽ. എസ്. ജി.ഡി വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | കോവിൽപറമ്പ്, മുണ്ടൂർ(പി.ഒ)-678592 |
| ശ്രീ.സി.കെ.ഹരിദാസ് സെക്രട്ടറി | സെക്രട്ടറി വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | ചക്കിങ്ങൽ വീട്, കോങ്ങാട് (പി.ഒ) |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 വരവ് ഓഡിറ്റ് റിപ്പോർട്ട് | കെ.എസ്.എ.പി.കെ.ഡി-11/895/2018, 4.10.18 | - |
| 1996-97 ചെലവ് ഓഡിറ്റ് റിപ്പോർട്ട് | കെ.എസ്.എ.പി.കെ.ഡി-11/895/2018, 4.10.18 | - |
| 1997-98 ചെലവ് ഓഡിറ്റ് റിപ്പോർട്ട് | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 1997-98 വരവ് ഓഡിറ്റ് റിപ്പോർട്ട് | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.09.18 | - |
| 1998-99 ചെലവ് ഓഡിറ്റ് റിപ്പോർട്ട് | കെ.എസ്.എ.പി.കെ.ഡി-/895/2018, 12.9.18 | - |
| 1999-2000 വരവ് ഓഡിറ്റ് റിപ്പോർട്ട് | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 1999-2000 ചെലവ് ഓഡിറ്റ് റിപ്പോർട്ട് | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 2000-2001 | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |

| | | |
|---|---|---|
| 2001-2002 | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 2002-2003 | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 2003-2004 | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 2004-2005 | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 2005-2006 | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 2006-2007 | കെ.എസ്.എ.പി.കെ.ഡി-12/895/2018, 12.9.18 | - |
| 2007-2008 | എൽ.എഫ്.പി.12/1118/11/19.03.12 | - |
| 2008-2009 | എൽ.എഫ്.പി.12/1119/11/10.04.12 | - |
| 2009-2010<br>2010-2011 | എൽ.എഫ്.പി.12/1576/14/17.10.14 | - |
| 2011-2012 | എൽ.എഫ്.പി.12/1015/14/10.07.14 | - |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ. പി.കെ.ഡി.12/1435/16<br>തി.09-08-2016 | - |
| 2015-16 | കെ.എസ്.എ. പി.കെ.ഡി.12/2297എ/16<br>തി.6.3.18 | - |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.12/1344/17<br>തി.14.3.18 | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ-പികെഡി21/1904(74)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 29.08.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ

ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. വസ്തുനികുതി: സഞ്ചയയിലേയും വാർഷിക കണക്കിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.
4. ഡെപ്പോസിറ്റ് വർക്കുകൾക്കുവേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ "Advance to implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
5. ബി.ഫണ്ട് തുകകൾ, തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ, സംയുക്ത പ്രോജക്റ്റിനുള്ള തുകകൾ എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
6. മൂന്നു മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ രണ്ടു ചെക്കുകൾ ചെക്ക് നം.21500064/15.5.215 - 1000/- & 21500076/23.5.2015 - 1000/- (VAPCOS OWNFUND-A/C No.231) തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വിവിധ പത്രികകൾ

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -5086689.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8484.00 |
| 312000000 | Reserves | B-3 | 54491269.00 |
| | **Total Reserve & Surplus** | | **49413064.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3080517.00 |
| | **Total Grants, Contributions for Specific Purposes** | | **3080517.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 276505.00 |
| 350000000 | Other Liabilities | B-9 | 755040.00 |
| | **Total Current Liabilities and Provisions** | | **1031545.00** |
| | **TOTAL LIABILITIES** | | **53525126.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 54989817.00 |
| 411000000 | Accumulated Depreciation | B-11 | -9714736.00 |
| 412000000 | Capital Work in Progress | B-11(a) | 590660.00 |
| | **Total Fixed Assets** | | **45865741.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 450000000 | Cash and Bank Balance | B-17 | 7497270.00 |
| 460000000 | Loand, Advances and Deposits | B-18 | 162115.00 |
| | **Total Current Assets, Loans and Advances** | | **7659385.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written** | | |

| | | |
|---|---|---|
| | off) | |
| | **TOTAL ASSETS** | **53525126.00** |

| | | | |
|---|---|---|---|
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 2739994.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3000.00 |
| 140000000 | Fee & User Charges | I-4(b) | 282139.00 |
| 150000000 | Sale & Hire Charges | I-5(b) | 255043.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 81885038.00 |
| 171000000 | Interest Earned | I-8 | 14091.00 |
| 180000000 | Other Income | I-9 | 310.00 |
| | **Total Income** | | **85179615.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 7831604.00 |
| 220000000 | Administrative Expenses | I-11(b) | 1165099.00 |
| 230000000 | Operations & Maintenance | I-12(b) | 1396015.00 |
| 240000000 | Interest & Finance Charges | I-13 | 2808.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5798600.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18299426.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 515393.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 400423.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 35066656.00 |
| 255000000 | Maintenance Projects | I-14(e) | 12502646.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 20500.00 |
| 272000000 | Depreciation | I-17(a) | 2963408.00 |
| | **Total Expenditure** | | **85962578.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-782963.00** |
| 280000000 | Prior Period Item | I-18 | 74936.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-857899.00** |
| 290000000 | Transfer to Reserve Funds | I-18(a) | |

| | | | |
|---|---|---|---|
| | **RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 7651358.00 |
| Cash | Cash | RP-40(a) | 3009.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 758920.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 210989.00 |
| 150000000 | Sale & Hire Charges | RP-5 | 255043.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54437527.00 |
| 171000000 | Interest Earned | RP-9 | 22087.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4053194.00 |
| 350000000 | Other Liabilities | RP-36 | 64413.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 310.00 |
| 311000000 | Earmarked Funds | RP-29 | 10384.00 |
| 340000000 | Deposits Received | RP-34 | 370597.00 |
| 350000000 | Other Liabilities | RP-36 | 347476.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1929880.00 |
| 460000000 | Loans, Advances and Deposits | RP-47 | 17000.00 |
| | | | |

| | | | |
|---|---|---|---|
| | **Grand total** | | **70135187.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2417009.00 |
| 220000000 | Administrative Expenses | RP-12 | 1165099.00 |
| 230000000 | Operations & Maintenance | RP-13 | 1396015.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4773600.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8498300.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 515393.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 400423.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 671056.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 12502646.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20500.00 |
| 280000000 | Prior Period item | RP-26 | -3300.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 618726.00 |
| 350000000 | Other Liabilities | RP-36 | 4267426.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2808.00 |
| 311000000 | Earmarked Funds | RP-29 | 2000.00 |
| 340000000 | Deposits Received | RP-34 | 324044.00 |
| 350000000 | Other Liabilities | RP-36 | 1352725.00 |
| 410000000 | Fixed Assets | RP-38 | 6400105.00 |
| 412000000 | Capital work in Progress | RP-40 | 16948895.00 |
| 460000000 | Loans, Advances and Deposits | RP-47 | 364447.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 7485212.00 |
| Cash | Cash | RP-40(b) | 12058.00 |
| | **Grand Total** | | **70135187.00** |